# ക്നാനായ സമുദായവും കത്തോലിക്കാ സഭയും
# സീറോ മലബാർ മെത്രാന്മാർക്ക് ഒരു തുറന്ന കത്ത്

അഭിവന്ദ്യ പിതാക്കന്മാരേ,

നമ്മുടെ വിശ്വാസ പ്രമാണമാണ് കത്തോലിക്കാ സഭ ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമാണെന്നുള്ളത്. പരിശുദ്ധിയും സാർവ്വത്രികതയും ഏതെങ്കിലും ഒരു റീത്തിലോ ഏതാനും രൂപതകളിലോ മാത്രം പോര, സഭ മുഴുവനിലും വേണം. സഭാപിതാക്കന്മാരെ നിങ്ങളുടെ അറിവിൽ എവിടെയെങ്കിലും എന്നെങ്കിലും ഏതെങ്കിലും ഒരു സമുദായത്തിനുവേണ്ടി കത്തോലിക്കാ സഭയിൽ രൂപത അനുവദിച്ചിട്ടുണ്ടോ? യേശുവിന്റെ മണവാട്ടിയായ തിരുസഭയ്ക്ക് അങ്ങനെ ഒരു കാര്യം ചെയ്യാനാവുമോ? രക്തശുദ്ധിവാദം നടപ്പാക്കുന്ന കോട്ടയം അതിരൂപതയെ ഇന്നത്തെ രൂപത്തിൽ സംരക്ഷിക്കുന്നതിലൂടെ നിങ്ങൾ കത്തോലിക്കാസഭയുടെ പരിശുദ്ധിയേയും സാർവ്വത്രികതയേയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

## എന്താണ് കോട്ടയം അതിരൂപത ചെയ്തുകൊണ്ടിരിക്കുന്നത് ?

രക്തശുദ്ധിയുള്ളവർക്കേ കോട്ടയം അതിരൂപതയിൽ അംഗങ്ങളായി തുടരുവാൻ സാധിക്കുകയുള്ളൂ. കോട്ടയം അതിരൂപതയിലെ ഒരംഗം വേറെ ഏതെങ്കിലും കത്തോലിക്കാ രൂപതയിൽനിന്നും വിവാഹം കഴിച്ചാൽ അവരെ പുറത്താക്കും. "ഞങ്ങൾ ആരേയും പുറത്താക്കുന്നില്ല, അവർ സ്വമേധയാ പുറത്തുപോകുന്നതാണ്" എന്ന പച്ചക്കള്ളം മെത്രാപ്പോലീത്ത പ്രചരിപ്പിക്കുന്നു. കൊലപാതകം ചെയ്യുന്നതു ഗൗരവതരമായ കുറ്റമാണ്. കൊലചെയ്യുന്നതിന് മുമ്പ് കൊലചെയ്യപ്പെടാൻ പോകുന്നവരിൽനിന്നും സമ്മതം എഴുതിവാങ്ങിക്കുന്നത് ക്രൂരമല്ലേ?

കോട്ടയം അതിരൂപതാ നിയമസംഗ്രഹം 85-ാം പേജിൽ കോട്ടയം രൂപതയ്ക്ക് വെളിയിൽ സമുദായം വിട്ട് വിവാഹം നടത്തുവാൻ ആഗ്രഹിക്കുന്നവർ ചെയ്യേണ്ട നടപടി ക്രമങ്ങൾ വ്യക്തമായി എഴുതിയിട്ടുണ്ട്. പുറത്താക്കുന്നില്ലെന്ന് എങ്ങനെ പറയുവാൻ കഴിയും. മെത്രാപ്പോലീത്തായുടെ പുറത്താക്കുന്നില്ല എന്ന വാദം മുഖവിലക്കെടുത്താൽ അടുത്ത ചോദ്യം. മിശിഹായുടെ നിയമവും സഭയുടെ നടപടിയുമനുസരിച്ച് കോട്ടയം അതിരൂപതയുടെ ഒരംഗം മറ്റ് കത്തോലിക്കാ രൂപതയിൽ നിന്നും വിവാഹം കഴിക്കുന്നതിന് അപേക്ഷിച്ചാൽ ഇടവക പള്ളിയിൽ വച്ച് നടത്തിക്കൊടുക്കാൻ തയ്യാറാണോ ? ഉത്തരം തയ്യാറാണ് എന്നാണെങ്കിൽ ഈ പ്രശ്നം അവസാനിക്കും. തയ്യാറല്ലെന്നാണെങ്കിൽ പുറത്താക്കുന്നില്ല എന്ന വാദം ഒരു കത്തോലിക്കാ മെത്രാന്റെ തെളിയിക്കപ്പെട്ട ആത്മവഞ്ചനയല്ലേ?

## എന്താണ് ബിജു ഉതുപ്പ് കേസ് ?

തലമുറ തലമുറകളായി കോട്ടയം രൂപതയിലെ ഒരംഗത്തെ അദ്ദേഹത്തിന്റെ വല്ല്യമ്മ ലത്തീൻ റീത്തിൽപ്പെട്ട ആളായിരുന്നു എന്ന് പല പതിറ്റാണ്ടുകൾക്കപ്പുറമുള്ള ഒരാരോപണത്തിന്റെ അടിസ്ഥാനത്തിൽ വിവാഹക്കുറി നിഷേധിച്ചു. അദ്ദേഹത്തിന്റെ സഹോദരീസഹോദരന്മാർ പലരും കോട്ടയം രൂപതയിൽ തന്നെ കല്ല്യാണം കഴിച്ചവരാണ്. എല്ലാ കോടതികളിലും കോട്ടയം രൂപതയുടെ ശുദ്ധരക്തവാദം തള്ളിക്കളഞ്ഞു. രണ്ടു പ്രാവശ്യം കോട്ടയം അതിരൂപത സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. അവസാനമായി സുപ്രീം കോടതി ഹൈക്കോടതിയോടു ഒരു സാങ്കേതികതടസം ഉന്നയിച്ചതു തീർക്കാൻ മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്. സിവിൽ കോടതിവിധി നടപ്പാക്കാതെ കോടിക്കണക്കിനു രൂപ മുടക്കി അപ്പീലുകളുമായി വീണ്ടും വീണ്ടും കേസ് നടത്തുന്നത് യേശുവിന്റെ തിരുവചനങ്ങൾക്ക് എതിരല്ലേ?

മെത്രാപ്പോലീത്ത പറഞ്ഞുനടക്കുന്ന കള്ളത്തരത്തിന്റെ ജീവിക്കുന്ന ഉദാഹരണമാണ് ബിജു ഉതുപ്പ്. നമ്പൂതിരി കുടുംബങ്ങളിലെ പടിയടച്ചു പിണ്ഡം വയ്ക്കുന്ന പ്രവർത്തിയാണ് മെത്രാപ്പോലീത്ത ചെയ്യുന്നത്. പുറത്തുനിന്നു വിവാഹം ചെയ്യുന്നതിൽ കുടുംബങ്ങൾക്കോ ബന്ധുക്കൾക്കോ യാതൊരു പരാതിയും വിഷമവുമില്ല. എല്ലാവരും വിവാഹത്തിൽ പങ്കെടുക്കുന്നു. ജീവിതാവസാനംവരെ ആ വ്യക്തിയ്ക്കും കുടുംബങ്ങൾക്കും എല്ലാ അവകാശവും സ്നേഹവും കിട്ടും. ആകെ എതിർപ്പുള്ളതു മെത്രാനും പുരോഹിതന്മാർക്കും മാത്രം. തന്റെ പിതാമഹന്മാർ കഷ്ടപ്പെട്ടുയർത്തിയ പള്ളികളിൽ വിവാഹകൂദാശ നടത്താൻ സമ്മതിയ്ക്കുകയില്ല. ആ ഇടവകയിൽനിന്നും പുറത്താക്കുകയും ചെയ്യും.

ഇന്നത്തെ കോട്ടയം അതിരൂപതയുടെ അവസ്ഥ വേറൊരു കാരണംകൊണ്ടുകൂടി ദയനീയമാണ്. കല്ല്യാണത്തിന് സമുദായത്തിൽനിന്ന് സ്ത്രീകളെ ലഭിയ്ക്കാതെ നൂറുകണക്കിന് 35 വയസ്സിനുമുകളിൽ പ്രായമുള്ള പുരുഷന്മാർ പുറത്താക്കൽ ഭീഷണി ഭയന്നു അവിവാഹിതരായി കഴിയുന്നു. പുറത്താക്കിയ അംഗത്തേയോ അയാളുടെ കുടുംബാംഗങ്ങളുടേയോ മരണശേഷം കുടുംബ കല്ലറകളിൽ സംസ്കരിക്കുന്നതിനു മെത്രാൻ സമ്മതിക്കുന്നില്ല. നിങ്ങൾ എവിടെയെങ്കിലും ഈ വർഗ്ഗീയ ക്രൂരത കണ്ടിട്ടുണ്ടോ ?

## ക്നാനായക്കാർ എപ്പോഴെങ്കിലും രക്തശുദ്ധി കാത്തുപരിപാലിയ്ക്കുന്ന രൂപത വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ?

നിങ്ങളിൽ പലർക്കും ഈ വിഷയത്തിൽ ചരിത്രത്തേക്കുറിച്ചോ ഇതിലടങ്ങിയിരിക്കുന്ന ദൈവശാസ്ത്ര ലംഘനങ്ങളെക്കുറിച്ചോ വേണ്ട അവഗാഹമില്ലാത്തതിനാൽ വളരെ ചുരുക്കമായി ഇതിന്റെ ചരിത്രം വിവരിക്കുന്നു.

ക്രിസ്തുവർഷം 345 ൽ ഏഴുഗോത്രത്തിൽപ്പെട്ട എഴുപത്തിരണ്ടു കുടുംബങ്ങളിൽനിന്ന് നാനൂറോളംപേർക്കായി തൊമ്മൻ എന്ന കച്ചവടപ്രമുഖന്റെ നേതൃത്വത്തിൽ മെസോപ്പൊട്ടാമിയയിലും സമീപപ്രദേശങ്ങളിൽനിന്നും മുസ്സിരിസ്സ് (കൊടുങ്ങല്ലൂർ) പട്ടണത്തിൽ വന്നിറങ്ങി എന്നാണ് ഐതിഹ്യം. എത്ര പുരുഷന്മാർ എത്ര സ്ത്രീകൾ എന്നു അറിയാൻ പാടില്ല. അന്നത്തെ കടൽയാത്രകൾ അതികഠിനമായിരുന്നു. യന്ത്രവൽക്കൃതമല്ലാത്ത പായ്ക്കപ്പലുകളിൽ വളരെ മാസങ്ങൾ നീണ്ടുനിൽക്കുന്ന കടൽയാത്രകൾ ചെയ്യുവാൻ സ്ത്രീകൾക്കും കുട്ടികൾക്കും പ്രയാസമായിരുന്നു. ഇനി വാദത്തിനു സമ്മതിച്ചാൽതന്നെ അവരെല്ലാവരും നോഹിന്റെ പെട്ടകത്തിലെപ്പോലെ തുല്യ നമ്പർ ഇണകളാണെന്നു വിശ്വസിക്കാൻ പ്രയാസം. ഇവിടെ വന്നുകഴിഞ്ഞു അടുത്ത തലമുറകളിലും തുല്ല്യമായി ആൺമക്കളും പെൺമക്കളും ജനിച്ചിരുന്നു എന്നും വിശ്വസിക്കാൻ പ്രയാസം. 1600 വർഷത്തിനുശേഷംപോലും പുരുഷന്മാർക്കു സ്ത്രീകളെ ലഭിയ്ക്കുന്നില്ല.

ചരിത്രകാരന്മാരെല്ലാം പറയുന്നു ക്നായിത്തൊമ്മൻ കേരളത്തിൽനിന്ന് ഒരു ഹിന്ദു സ്ത്രീയെ കല്ല്യാണം കഴിച്ചിരുന്നുവെന്ന്. ഇന്ത്യയിൽ വരുമ്പോൾ യൗസേഫ് എന്നൊരു മെത്രാനും കൂടെയുണ്ടായിരുന്നു. ഈ മെത്രാനുശേഷം ക്നാനായക്കാരിൽനിന്നും ഒരു മെത്രാനുണ്ടായത് 1896 ൽ മാർ മാത്യുമാക്കിൽ ചങ്ങനാശ്ശേരിയുടെ മെത്രാനായപ്പോളാണ്. അതും ക്നാനായക്കാർക്ക് മാത്രമല്ല. എല്ലാവർക്കും വേണ്ടിയാണ്. അതായത് 1500 വർഷത്തിനുള്ളിൽ ക്നാനായക്കാരെ ഭരിച്ചിരുന്നതു അവരുടെ സമുദായത്തിലെ മെത്രാന്മാരല്ല. അതുകൊണ്ടു രക്തശുദ്ധിയും പുറത്താക്കുന്ന ഒരു പ്രശ്നവും ഉടലെടുത്തിരുന്നില്ല.

ക്നാനായക്കാർ 1599 ലെ ഉദയംപേരൂർ സൂനഹദോസിലും അതിനുശേഷവും കത്തോലിക്കാസഭയിൽ ലയിച്ചപ്പോൾ രൂപതവേണമെന്നോ രക്തശുദ്ധിപാലിക്കപ്പെടണമെന്നോ ഒരു നിബന്ധനയും മുന്നോട്ടു വച്ചില്ല. അവർ കൂനംകുരിശു സത്യാഗ്രഹത്തിൽ പങ്കെടുത്ത് കത്തോ

ലിക്കാ സഭ്ക്കു പുറത്തു പോയില്ല. എന്നാൽ ക്നാനായ സമുദായം ശുഷ്ക്കിച്ചുപോയി എന്നതിന്റെ തെളിവാണ് പതിനാറാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ വരെ ഇവരെ "അഞ്ചരപ്പള്ളിക്കാർ" എന്നായിരുന്നു വിളിച്ചിരുന്നത്. അതായത് അക്കാലത്ത് അഞ്ചുപള്ളികളും ഏതാനും അരപ്പള്ളികളും മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. അതായത് AD 345 ൽ നാനൂറ് പേരുണ്ടായിരുന്നത് ഉദ്ദേശം 1200 വർഷത്തിനുശേഷവും അംഗബലം ഇത്ര മാത്രമേ വർദ്ധിച്ചിരുന്നുള്ളൂ എന്നാണ്. 1911 ൽ വത്തിക്കാനിൽ സമർപ്പിച്ച ഒരു ഔദ്യോഗിക രേഖയിൽ പറഞ്ഞിരിക്കുന്ന അംഗസംഖ്യ മുപ്പത്തീരായിരം ആണ്. ഇക്കാര്യം വെളിപ്പെടുത്തിയത് 2014 ൽ മാത്രം പ്രസിദ്ധീകരിച്ചതായതുകൊണ്ട് ടി അംഗസംഖ്യ വിശ്വാസയോഗ്യമല്ല. എന്നാൽ രൂപതാ സ്ഥാപനത്തിന്റെ ആലോചനാ യോഗത്തിൽ മാർപ്പാപ്പ ആവശ്യപ്പെട്ടാൽ പറയുന്നതിനുവേണ്ടി 1910 ൽ വട്ടക്കളത്തിൽ മത്തായി കത്തനാരുടെ നേതൃത്വത്തിൽ നടത്തിയ കണക്കെടുപ്പിൽ 7840 തെക്കുംഭാഗരാണ് ഉണ്ടായിരുന്നത്. (കടപ്പാട് - ഫാ. സിറിയക് വട്ടക്കളം) മുപ്പത്തീരായിരം എന്നുള്ളത് ചങ്ങനാശ്ശേരിയിലെ ആകെ സുറിയാനി കത്തോലിക്കരുടേതാകാം. ഇപ്പോഴത്തെ അംഗസംഖ്യ ലോകത്തിലുള്ള മുഴുവൻ ക്നാനായക്കാരെ കൂട്ടിയാലും അങ്ങേയറ്റം എൺപതിനായിരം മാത്രം.

മാർ മാത്യു മാക്കിൽ മെത്രാനെ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായി നിയമിച്ചു കഴിഞ്ഞ് തെക്കുംഭാഗരും വടക്കുംഭാഗരും തമ്മിലുള്ള തർക്കം രൂക്ഷമാവുകയും ചെയ്തപ്പോൾ തെക്കുംഭാഗർക്കുമാത്രമായി രൂപത വേണമെന്ന നിർബന്ധമൊന്നും മാർ മാത്യു മാക്കിൽ ഉന്നയിച്ചിരുന്നില്ല. ഒരു രൂപതയ്ക്കുവേണ്ട അംഗബലമൊന്നും ക്നാനായക്കാർക്കുണ്ടായിരുന്നില്ല. ഇന്നുപോലും ശരിയായ അംഗങ്ങളുടെ എണ്ണം എടുക്കുകയാണെങ്കിൽ കേരളത്തിലെ ഒരു ശരാശരി രൂപതയുടെ അംഗസംഖ്യപോലും കോട്ടയം അതിരൂപതയ്ക്കില്ല.

അന്നത്തെ തദ്ദേശീയരായ മൂന്നു മെത്രാന്മാരുംകൂടി 1911-ൽ കൂടിയാലോചിച്ചു മൂന്നു പരിഹാര മാർഗ്ഗങ്ങളാണ് വത്തിക്കാന്റെ മുമ്പിൽസമർപ്പിച്ചത്. അവ താഴെപ്പറയുന്നവയാണ്.

1) ചങ്ങനാശ്ശേരി രൂപതയിലെ തെക്കുംഭാഗർക്കായി ഒരു രൂപത സ്ഥാപിച്ച് മാർ മാത്യു മാക്കിലിനെ സ്ഥലം മാറ്റുകയും വടക്കുംഭാഗ സമുദായത്തിലെ ഒരു വൈദികനെ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനാക്കുകയും ചെയ്യുക.

2) ചങ്ങനാശ്ശേരി മെത്രാൻ തെക്കുംഭാഗനോ വടക്കുംഭാഗനോ ആകട്ടെ. അദ്ദേഹം ചങ്ങനാശ്ശേരിയിൽ താമസിച്ചു വടക്കുംഭാഗരെ ഭരിക്കുക. മെത്രാൻ സ്ഥാനത്തിനു പിന്തുടർച്ചാവകാശത്തോടുകൂടി അപരസമുദായക്കാരൻ സഹായ മെത്രാനായി കോട്ടയത്തു താമസിച്ചു തെക്കുംഭാഗരെ ഭരിക്കുക.

3) ചങ്ങനാശ്ശേരി രൂപതയിൽ അപരസമുദായക്കാരനും മെത്രാൻ സ്ഥാനത്തു പിന്തുടർച്ചാവകാശം ഉള്ളവനുമായ ഒരു സഹായ മെത്രാനെ നിയമിക്കുക. രണ്ടു മെത്രാന്മാരും സ്വന്തം സമുദായാംഗങ്ങളെ ഭരിക്കുക.

ഇതിൽ ഒന്നാമത്തെ മാർഗ്ഗം തെരഞ്ഞെടുക്കാൻ പ്രധാന കാരണം മാർ മാത്യു മാക്കിലിനെ ഉൾക്കൊള്ളാൻ വേണ്ടിയായിരുന്നു. രണ്ടാമത്തേയോ മൂന്നാമത്തേയോ മാർഗ്ഗം സ്വീകരിച്ചിരുന്നെങ്കിൽ തെക്കുംഭാഗർക്കുമാത്രമായി രൂപത വരുകയില്ലായിരുന്നു.

ഇതോടൊപ്പം വേറൊരുകാഴ്ചയുംകൂടി നിങ്ങളോടു വെളിപ്പെടുത്തുവാനുണ്ട്. മാർ മാത്യു മാക്കിൽ ഒരിക്കൽപോലും തന്റെ നിവേദനങ്ങളിൽ ക്നാനായ എന്ന പദം ഉപയോഗിച്ചിട്ടില്ല. അദ്ദേഹം തന്റെ ഡയറിക്കുറിപ്പുകളിൽ അതിന്റെ കാരണം വിശദീകരിച്ചിട്ടുണ്ട്. ക്നാനായ എന്ന പദം ഉപയോഗിച്ചാൽ അതു വർഗ്ഗീയമായ ഒരു വാക്കായതിനാൽ മാർപ്പാപ്പയിൽനിന്നും

രൂപത ലഭിക്കുകയില്ല. അതുകൊണ്ടു ഈ പദം അദ്ദേഹം ഒരിക്കലും ഉപയോഗിച്ചിരുന്നില്ല.

മാർ മാത്യു മാക്കിൽ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല തന്റെ പിൻഗാമികൾ മാർപ്പാപ്പയുടെ ബൂളാ വളച്ചൊടിച്ചു ശുദ്ധരക്തവാദം പ്രചരിപ്പിക്കുമെന്നോ എൻഡോഗമിയുടെ പേരിൽ രൂപതയിൽനിന്നും അംഗങ്ങളെ പുറത്താക്കുമെന്നോ?

മാർ മാത്യു മാക്കിൽ ഒരു കത്തോലിക്കനായിരുന്നു. അദ്ദേഹം ഒരിക്കലും തന്റെ ഇടയ ലേഖനങ്ങളിലോ കൃതികളിലോ രക്തശുദ്ധിയ്ക്കുള്ള രൂപതയാണ് കോട്ടയം രൂപതയെന്ന് പ്രസ്താവിച്ചിരുന്നില്ല.

## ചങ്ങനാശ്ശേരി രൂപതയെ രണ്ടായി വിഘടിച്ചുകൊണ്ടുള്ള മാർപ്പാപ്പയുടെ 1911 ലെ ബൂളാ?

മുകളിൽ പറഞ്ഞിട്ടുള്ളതുപോലെ മൂന്നു മെത്രാന്മാരുംകൂടി കൊടുത്ത നിവേദനത്തിന്റെ ഫലമായാണ് മാർപ്പാപ്പയുടെ ബൂളാ ഇറക്കിയത്. ഈ ബൂളാ ഇറക്കിയത് ക്നാനായ സമുദായത്തിന്റെ സംരക്ഷണത്തിനു വേണ്ടിയായിരുന്നു എന്നു പറയുന്നത് ദൈവദോഷമാണ്.

തെക്കുംഭാഗരേയും വടക്കുംഭാഗരേയും ചങ്ങനാശ്ശേരി രൂപതയിൽ ഒന്നിച്ചു ഭരിച്ചുകൊണ്ടുപോകുവാൻ സാദ്ധ്യമല്ലെന്നു വന്നപ്പോൾ വഴക്കു തീർക്കുവാനുള്ള ഒരു നിർദ്ദേശം മാത്രമായാണ് മാർപ്പാപ്പ ആ നിർദ്ദേശം അംഗീകരിച്ചത്. അതല്ലാതെ ലോകമാസകലമുള്ള ക്നാനായക്കാർക്കെല്ലാമായല്ല രൂപത അനുവദിച്ചത്. അന്ന് നിലവിലുള്ള ഏഴു പള്ളിയ്ക്കു പുറത്തുള്ള ക്നാനായക്കാർ ആരും ഈ രൂപതയിൽ വരികയില്ല. അന്നത്തെ എറണാകുളം, തൃശൂർ രൂപതകളിലെ ക്നാനായക്കാരൊന്നും ഇതിൽ അംഗത്വം വേണനന്നാവശ്യപ്പെട്ടിട്ടില്ല, ഉൾപ്പെടുത്തിയിട്ടുമില്ല. എറണാകുളം രൂപതയിൽനിന്ന് തൊട്ടടുത്തുകിടന്ന നാല് പള്ളികൾ മാത്രമാണ് ഉൾപ്പെടുത്തിയത്. “വിശ്വാസികളുടെ ആത്മീയഗുണവർദ്ധനവിനും ഭിന്നാഭിപ്രായക്കാരുടെ സമാധാനത്തിനുമായി കോട്ടയം കേന്ദ്രമാക്കി തെക്കുംഭാഗർക്ക് ഒരു രൂപത നൽകുന്നു”.ബൂളായുടെ മർമ്മം ഇതാണ്. ക്രിസ്തീയ ആത്മീയതയിൽ വംശീയവാദവും, വിഭാഗീയതയും, ശുദ്ധരക്തവാദവും എങ്ങനെ യോജിച്ചു പോകും?

അരനൂറ്റാണ്ടായി കോട്ടയം ബിഷപ്പുമാരും പുരോഹിതരും പറയുന്നത് തെക്കുംഭാഗർ മറ്റു രൂപതകളിൽനിന്നും വിവാഹം കഴിച്ചാൽ അവൻ വടക്കുംഭാഗനാകുമെന്നാണ്. ഈ വിചിത്രവാദം ചങ്ങനാശ്ശേരി രൂപത സ്വീകരിക്കുകയാണെങ്കിൽ കോട്ടയം രൂപതാംഗത്തെ കല്ല്യാണം കഴിക്കുന്ന അവരുടെ അംഗത്തെ വംശശുദ്ധിയുടെ പേരിൽ പുറത്താക്കാം. രണ്ടു രൂപതകളും സ്ഥാപിയ്ക്കപ്പെട്ടത് ഒരേ ബുദ്ധി വഴിയാണ്. കോട്ടയം അതിരൂപതാദ്ധ്യക്ഷൻ തന്നെ സമ്മതിച്ചിട്ടുണ്ട് 1911 ലെ മാർപ്പാപ്പയുടെ ബൂളാ രക്തശുദ്ധിവാദം അനുവദിച്ചിട്ടില്ലെന്ന്.

## എപ്പോൾ തുടങ്ങി രക്തശുദ്ധിയുള്ള കോട്ടയം രൂപത?

1950 കളുടെ തുടക്കത്തിൽ കോട്ടയം രൂപതാ മെത്രാനായിരുന്ന അലക്സാണ്ടർ ചുളപ്പറമ്പിൽ മെത്രാനാണ് ക്രൂരമായ ഈ നടപടി തുടങ്ങിയത്. അദ്ദേഹം മാർപ്പാപ്പയുടെ ബുളായെ തെറ്റായി വ്യാഖ്യാനിച്ചു കോട്ടയം രൂപതയെ രക്തശുദ്ധിയുള്ള രൂപതയാക്കി പുറത്താക്കൽ നടപടി തുടങ്ങി.

മാർപ്പാപ്പയുടെ ആ ബുളാ മനോനില തെറ്റാത്ത ആരുവായിച്ചാലും അങ്ങനെ ഒരധികാരം കോട്ടയം രൂപതയ്ക്ക് കൊടുത്തിട്ടുണ്ടെന്നു പറയുകയില്ല. അദ്ദേഹത്തിന് അങ്ങനെ ഒരു തോന്നലുണ്ടായിരുന്നെങ്കിൽ അന്നുണ്ടായിരുന്ന മാർപ്പാപ്പയോടും പൗരസ്ത്യ തിരുസം

ഘലത്തോടും ഉപദേശം തേടണമായിരുന്നു. അതാണ് സഭയിലേയും രാജ്യത്തേയും നിയമം. ഒരു ബൂളാ വിശദീകരിക്കുവാൻ മാർപ്പാപ്പയ്ക്കു മാത്രമേ കഴിയൂ. പക്ഷേ മാർ അലക്സാണ്ടർ ചുളപ്പറമ്പിൽ ബൂളായിൽ പറയാത്ത കാര്യം അതിലുണ്ടെന്നുള്ള ദുർവ്യാഖ്യാനം സ്വയം നടത്തിയതിന്റെ ഫലമാണ് രക്തശുദ്ധിയുടെ പേരിലുള്ള പുറത്താക്കൽ.

പിതാക്കന്മാരെ, നിങ്ങളുടെ മുൻഗാമികളായ പിതാക്കന്മാർ ഗൗരവകരമായ ഈ തെറ്റിന് മൗനാനുവാദം കൊടുത്തു. പിന്നീട് ഇതിനെ പ്രോത്സാഹിപ്പിച്ചു. പിതാക്കന്മാരെ, നിങ്ങളും നിങ്ങളുടെ മുൻഗാമികളും ചെയ്ത തെറ്റ് ഇപ്പോഴും തിരുത്തപ്പെടാവുന്നതാണ്. ഈ ഗൗരവകരമായ തെറ്റ് നടക്കുന്ന കാര്യം ഔദ്യോഗികമായി വത്തിക്കാനെ അറിയിക്കുന്ന ധാർമ്മികവും കാനോനികവും നിയമപരവുമായ ഉത്തരവാദിത്വം പിതാക്കന്മാരെ, നിങ്ങൾക്കും നിങ്ങളുടെ മുൻഗാമികൾക്കും ഉണ്ടായിരുന്നു. ഈ വൈകിയ വേളയിലെങ്കിലും സ്വയം തീരുമാനിക്കാമായിരുന്ന ഈ വിഷയം ഏറ്റവും കുറഞ്ഞത് പൗരസ്ത്യ തിരുസംഘത്തിൽനിന്നും വിശ്വാസതിരുസംഘത്തിൽനിന്നും താഴെപ്പറയുന്ന കാര്യങ്ങളിൽ നിർദ്ദേശങ്ങൾ ആവശ്യപ്പെടാം. വിശുദ്ധ പത്താംപീയൂസ് മാർപ്പാപ്പ കോട്ടയം വികാരിയയത്ത് സ്ഥാപിച്ചുകൊണ്ട് 29/08/1911 ൽ ഇറക്കിയ ബൂളായിൽ രക്തശുദ്ധി സംരക്ഷിക്കാനുള്ള അവകാശം കൊടുത്തിട്ടുണ്ടോ? ഉത്തരം ഇല്ലെന്നാണെങ്കിൽ രക്തശുദ്ധിവാദം കോട്ടയം അതിരൂപതയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് തടയേണ്ടതല്ലേ? കോട്ടയം രൂപതയുടെ പേര് ക്നാനായ രൂപത എന്ന വർഗ്ഗീയമായ പേരായി മാറ്റുവാൻ കോട്ടയം മെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ടോ?

ഒരു കാര്യംകൂടി നിങ്ങളെ അനുസ്മരിപ്പിക്കാൻ ആഗ്രഹിക്കുന്നു. കോട്ടയം രൂപതയ്ക്കായി പള്ളികൾ വിഭജിച്ചു നൽകി ബുളാ ഇറക്കിയപ്പോൾ ആ പള്ളികളിലും സമീപസ്ഥരായ വടക്കുംഭാഗ അംഗങ്ങളും ഉണ്ടായിരുന്നു. അവരെ ആരേയും പള്ളികളിൽനിന്നും ഒഴിവാക്കണമെന്ന് മാർപ്പാപ്പ 1911 ലെ ബുളായിൽ പറഞ്ഞിരുന്നില്ല. അവർ അവിടെത്തന്നെ തുടർന്നു. മാർ മാത്യു മാക്കിലിന്റെ കാലത്ത് അവരെ പുറത്തുവിട്ടിരുന്നില്ല.

നിങ്ങളുടെ മുൻഗാമികളായ സീറോ മലബാർ മെത്രാന്മാർ ദൈവശാസ്ത്രത്തിന്റേയും അപ്പസ്തോലിക പ്രവൃത്തികളുടേയും രാജ്യത്തെ ഭരണഘടനയുടേയും മനുഷ്യാവകാശങ്ങളുടേയും നഗ്നമായ ഈ ലംഘനം തടയുവാൻ ഒരു നടപടിയും സ്വീകരിച്ചില്ലെന്നു മാത്രമല്ല അനാവശ്യമായ ഒരു അപരാധംകൂടി ചെയ്തു. ശുദ്ധരക്തവാദം നടപ്പാക്കിയ കോട്ടയം രൂപതയുടെ അതിർത്തിയെ 1955 ലുള്ള സീറോ മലബാർ സഭയുടെ അതിർത്തികളോളം ഉയർത്തി. ഞങ്ങൾ വിശ്വസിക്കുന്നത് ഈ തീരുമാനമെടുക്കാൻ നിങ്ങളുടെ മുൻഗാമികളായ മെത്രാന്മാരെ പ്രേരിപ്പിച്ചതു പരിശുദ്ധാത്മാവല്ല സാത്താനാണെന്നാണ്. ആ ഒറ്റ തീരുമാനമാണ് സഭ ഇന്നനുഭവിക്കുന്ന പ്രതിസന്ധിയ്ക്കു പ്രധാന കാരണം.

എല്ലാവർക്കും അറിയാം 1911 ൽ കോട്ടയം രൂപത സ്ഥാപിച്ചതു ശുദ്ധരക്തവാദത്തിന്റെ അടിസ്ഥാനത്തിലല്ല. എല്ലാ ക്നാനായക്കാർക്കും വേണ്ടിയല്ല 1911 ലെ ബൂളായിലൂടെ മാർപ്പാപ്പ കോട്ടയം രൂപത സ്ഥാപിച്ചത്. നിങ്ങളുടെ മുൻഗാമികൾ അതിർത്തികൾ വ്യാപിപ്പിച്ചതു മാർപ്പാപ്പ 1911 ൽ സ്ഥാപിച്ച കോട്ടയം രൂപതയുടെ അതിർത്തികൾ അല്ല. പകരം മാർ അലക്സാണ്ടർ ചുളപ്പറമ്പിൽ സ്ഥാപിച്ച രക്തശുദ്ധിയുള്ള കോട്ടയം രൂപതയുടേതാണ്. രക്തശുദ്ധിവാദം മുറുകെ പിടിക്കുന്ന ഒരു രൂപതയുടെ അതിർത്തികൾ വികസിപ്പിക്കാൻ സമ്മതിച്ചത് വെറും ആദ്ധ്യാത്മിക പാപ്പരത്തമാണ്. മനുഷ്യത്വമുള്ള ആർക്കും അങ്ങനെ ഒരു തീരുമാനമെടുക്കാനാവില്ല. ഈ കാര്യങ്ങളെല്ലാം മറച്ചുവച്ചാണ് നിങ്ങളുടെ മുൻഗാമികൾ മാർപ്പാപ്പയിൽനിന്നും

അതിർത്തികൾ വികസിപ്പിക്കുന്നതിനുള്ള അനുവാദം വാങ്ങിയെടുത്തത്.

നിങ്ങളുടെ കൈകളും പാപപങ്കിലമാണ്. ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ കോട്ടയം രൂപതയുടെ അതിർത്തി ബാംഗ്ലൂരിലേയ്ക്കു വ്യാപിപ്പിച്ചത്. യാതൊരു നിയമവുമില്ലാതെയാണ് ഈ പ്രവൃത്തി ചെയ്തത്. നിങ്ങൾ ഈ വർഗ്ഗീയവിഷം കേരളത്തിനു പുറത്തേയ്ക്കുകടത്തി അവിടെയുള്ള കത്തോലിക്കരെ ഭിന്നിപ്പിച്ചു. നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യും എന്നാണെങ്കിൽ ഞങ്ങൾ കരുതും ഇപ്പോഴത്തെ സീറോ മലബാർ സഭാ നേതൃത്വം അപക്വമായ കരങ്ങളിലാണെന്ന്.

## ക്നാനായ കത്തോലിക്കാ സമുദായവും മാർ ജോർജ് ആലഞ്ചേരിയും

മാർ ജോർജ് ആലഞ്ചേരി സീറോ മലബാർ സഭാദ്ധ്യക്ഷനായപ്പോൾ എല്ലാവരും ആഹ്ലാദിച്ചു. ഏറ്റവും യോഗ്യനായ ആൾ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. പാവങ്ങളുടെ അപ്പസ്തോലൻ, വിദ്യാസമ്പന്നൻ, സ്നേഹവും വിനയവുമുള്ള ഇടയൻ. അദ്ദേഹം സഭയെ ശരിയായ പാതയിൽ നയിച്ചു. പക്ഷേ ക്നാനായ പ്രശ്നത്തിൽ അദ്ദേഹത്തിനു കാലിടറി. കോട്ടയം രൂപതാ മെത്രാന്റെ ഊഷ്മളമായ സ്നേഹപരിചരണങ്ങൾ ഏറ്റുവാങ്ങി അദ്ദേഹം അവരുടെ സമ്മേളനങ്ങളിൽ ചെന്നിരുന്നു പ്രഖ്യാപിയ്ക്കും. "ഞാനുള്ളടുത്തോളം നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങൾക്ക് ഒരു കുഴപ്പവും വരാതെ ഞാൻ നോക്കിക്കൊള്ളാം." ഇന്നും അദ്ദേഹം ആ വാക്കുകൾ പാലിക്കുന്നു. അദ്ദേഹം അക്ഷന്തവ്യമായ അപരാധമാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അദ്ദേഹത്തിനറിയാം. കത്തോലിക്കാ സഭ ശുദ്ധരക്തവാദത്തിനെതിരാണ്. എല്ലാവർക്കും അറിയാം രക്തശുദ്ധിയുടെ പേരിൽ പുറത്താക്കുന്നത് കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളുടേയും ദൈവികനിയമങ്ങളുടേയും രാജ്യത്തെ നിയമങ്ങളുടേയും മാനുഷിക മൂല്യങ്ങളുടേയും ലംഘനമാണെന്ന്. ആ ലംഘനം സംരക്ഷിക്കുമെന്നാണ് അദ്ദേഹം ഓരോ ദിവസവും പ്രഖ്യാപിക്കുന്നത്. ഏത് കോളേജിൽനിന്നാണ് അദ്ദേഹം ദൈവശാസ്ത്ര പഠിച്ചത്. അടുത്ത കാലത്തെ സഭയിലെ സംഭവവികാസങ്ങൾ കാണുമ്പോൾ ചെയ്യാത്ത കുറ്റത്തിനു പോലും അദ്ദേഹം ശിക്ഷിക്കപ്പെടുന്നതായി തോന്നും. അദ്ദേഹത്തിനു പങ്കോ മനസ്സറിവോ ഇല്ലാത്ത കാര്യങ്ങൾക്കുപോലും അദ്ദേഹം വലിച്ചിഴയ്ക്കപ്പെട്ടു. എന്നാൽ ഈ പ്രശ്നത്തിൽ അദ്ദേഹം ശിക്ഷയർഹിക്കുന്നു. പുറത്താക്കപ്പെടുന്നവരുടെ ദീനരോദനം അദ്ദേഹം പുച്ഛിച്ചു തള്ളുന്നു. പതിറ്റാണ്ടുകളായുള്ള ഞങ്ങളുടെ പരാതികൾ സിനഡിൽ ചർച്ച ചെയ്തു പരിഹാരമുണ്ടാക്കാൻ അദ്ദേഹം തയ്യാറായിട്ടില്ല. മറിച്ച് ഒളിഞ്ഞും തെളിഞ്ഞും വത്തിക്കാനിലുള്ള തന്റെ ഔദ്യോഗികപദവി ദുരുപയോഗം ചെയ്ത് കോട്ടയം അതിരൂപതയെ പ്രീണിപ്പിക്കാൻ ശ്രമിക്കുന്നു. അദ്ദേഹത്തിൽനിന്നും കത്തോലിക്കാ സഭയുടെ സാർവ്വത്രികതയും പരിശുദ്ധിയും വീണ്ടെടുക്കുന്ന തീരുമാനം ഈ പ്രശ്നത്തിൽ ഉണ്ടാകുമെന്ന് ഞങ്ങൾ കരുതുന്നില്ല. അടുത്ത കാലത്ത് കോട്ടയം രൂപതയുടെ കൈപ്പുഴ സമ്മേളനത്തിൽ പങ്കെടുത്ത് അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്. "നിങ്ങളുടെ ആവശ്യങ്ങളെല്ലാം എനിക്കറിയാം. അവ വത്തിക്കാൻ സാധിച്ചു തരണമേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു." അദ്ദേഹത്തെ മഹാഭാരതത്തിലെ പുത്രസ്നേഹം കൊണ്ടു അന്ധനായ ധൃതരാഷ്ട്രരോടുപമിച്ചാൽ തെറ്റുപറയാൻ പറ്റുമോ. ഇങ്ങനത്തെ പ്രാകൃതമായ പുറത്താക്കൽ നടപടി ഏതെങ്കിലും മതങ്ങൾ സമ്മതിച്ചു കൊടുക്കുമോ. ക്നാനായ സമുദായം സംരക്ഷിക്കുന്നതിനു ഞങ്ങളാരും എതിരല്ല. സമുദായം 1911 വരെ നിലനിന്നിരുന്നത് ഒരു സഭാസംവിധാനങ്ങളുടേയും പിൻബലമില്ലാതെയാണ്. 1911 നുശേഷം തെറ്റായ മാർഗ്ഗങ്ങളിലൂടെ സഭയെ ഉപയോഗിച്ചു സമുദായത്തെ നിലനിർത്താൻ ശ്രമിക്കുന്നതാണ് എതിർക്കപ്പെടേണ്ടത്.

നിങ്ങൾ സീറോ മലബാർ സഭയിലേയ്ക്കു നോക്കൂ. ആ സഭയിലെ കോട്ടയം രൂപതയിൽപ്പെടാത്ത ക്നാനായ സമുദായാംഗങ്ങൾ സഭാ സംവിധാനത്തിന്റെ പിൻബലമില്ലാതെ

സമുദായത്തെ മുമ്പോട്ടു കൊണ്ടുപോകുന്നു.

ചില ക്നാനായക്കാർ പറയുന്നത് AD 345 ൽ മെസപ്പൊട്ടോമിയായിൽനിന്നും യാത്രതിരിച്ചപ്പോൾ വംശശുദ്ധി കാത്തുസൂക്ഷിക്കണമെന്ന് പിതാക്കന്മാർ ആവശ്യപ്പെട്ടെന്നും അതു പാലിക്കാൻ ഇവർ ബാദ്ധ്യസ്ഥരാണെന്നുമാണ്. ഇതു നല്ല ഒരു ഫലിതമാണ്. അന്ന് ഇവരെ യാത്രയയച്ച പൂർവ്വപിതാക്കന്മാരും അവരുടെ പിന്തുടർച്ചക്കാരും ഇന്ന് മുസ്ലീം മതക്കാരാണ്. അവിടെ ചെന്നു ശുദ്ധരക്തവാദം പറഞ്ഞാൽ മുസ്ലീം നിയമമനുസരിച്ച് ഇവരെ കഴുവിലേറ്റും. ഇവരുടെ യഹൂദപാരമ്പര്യവാദം അഴകിയവനേ കണ്ടു അപ്പാ എന്നു വിളിക്കുന്നതുപോലെയുള്ളൂ യഹൂദന്മാരിലെ 12 ട്രൈബുകളിൽ ഏതിൽപ്പെട്ടവരാണിവർ? യഹൂദൻ ഛേദനാചാരം ചെയ്യുന്നവനാണ്. ഇവരോ ഇവരുടെ പൂർവ്വപിതാക്കന്മാരോ ഛേദനാചാരം ചെയ്യുന്നവരാണെന്നവകാശപ്പെടുന്നുണ്ടോ? ഇവർക്ക് ധൈര്യമുണ്ടെങ്കിൽ DNA ടെസ്റ്റ് നടത്തി പറയട്ടെ യഹൂദരായിരുന്നെന്ന്. യഹൂദരുപോലും ഇന്ന് ഇവർ കാണിക്കുന്ന അതിഹീനമായ രക്തശുദ്ധിവാദം പിന്തുടരുന്നില്ല. യജമാനനേക്കാൾ വലിയ യജമാനഭക്തിയാണ് ഇവർ കാണിക്കുന്നത്. വളരെയധികം യഹൂദർ ക്രിസ്ത്യാനികളായും കത്തോലിക്കരായും ജീവിക്കുന്നു. അവരാരും ഈ ക്രൈസ്തവവിരുദ്ധമായ ഈ ദുരാചാരം പിന്തുടരുവാൻ ആവശ്യപ്പെട്ടിട്ടില്ല. യഹൂദർ ഞങ്ങളുടെ വംശപരമ്പര അന്വേഷിച്ചു ലോകം മുഴുവനും നടന്നു. ഇന്ത്യയിൽനിന്നും മിസോറാമിലെ ഒരു ട്രൈബിനെ അവർ കണ്ടെത്തുകയും ചെയ്തു. ഇവർക്കു യഹൂദന്മാരുടെ പാരമ്പര്യം അവകാശപ്പെടാൻ ധൈര്യമുണ്ടോ ?

## രക്തശുദ്ധിവാദം പിന്തുടരുന്ന കോട്ടയം അതിരൂപതയുടെ അതിർത്തികൾ ലോകം മുഴുവനിലേയ്ക്കും വ്യാപിപ്പിക്കാമോ ?

കോട്ടയം രൂപത 1911 ൽ സ്ഥാപിച്ചപ്പോൾ അതു രക്തശുദ്ധി പാലിക്കാൻ വേണ്ടിയായിരുന്നു എന്ന വാദം തെറ്റാണെന്ന് മുകളിൽ വിശദീകരിച്ചിട്ടുണ്ട്. ഇന്നുവരെ സീറോ മലബാർ സഭ ഇങ്ങനെ ഒരു പുറത്താക്കൽ കാര്യം വത്തിക്കാനെ അറിയിക്കുകയോ അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. കോട്ടയം രൂപതയിലെപ്പോലെ രക്തശുദ്ധിയുള്ള പള്ളികൾ വേണമെന്ന അമേരിക്കയിലെ ക്നാനായക്കാരുടെ ആവശ്യം 1986 ൽ തന്നെ വത്തിക്കാൻ തള്ളിയതാണ്.

പുറത്താക്കൽ പ്രശ്നത്തിൽ വ്യാപക പ്രതിഷേധം ഉയർന്നപ്പോൾ വത്തിക്കാൻ ഒരു കനേഡിയൻ മെത്രാനെ 2016 ൽ അന്വേഷണ കമ്മീഷനായി നിയമിച്ചു. അദ്ദേഹത്തിന്റെ പേര് മൈക്കിൾ മുൾഹാൾ. മുൾഹാൾ കമ്മീഷൻ എല്ലാ രേഖകളും പഠിച്ചു. കേരളവും മറ്റു പല സംസ്ഥാനങ്ങളും സന്ദർശിച്ചു. കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്തായുടേയും മേജർ ആർച്ചുബിഷപ്പിന്റേയും എല്ലാ വാദഗതികളും കേട്ടശേഷം സുദീർഘമായ രണ്ടു വർഷത്തിനുശേഷം അദ്ദേഹത്തിന്റെ റിപ്പോർട്ട് വത്തിക്കാനിലെ പൗരസ്ത്യ തിരുസംഘത്തിനു സമർപ്പിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുസംഘം അസന്നിഗ്ധമായി ഒരു കാര്യം പ്രഖ്യാപിച്ചു. കത്തോലിക്കാസഭയിൽ ശുദ്ധരക്തവാദം അനുവദിക്കുകയില്ല. ഇനി എങ്ങും ശുദ്ധരക്തസ്വഭാവമുള്ള ഇടവകകൾ അനുവദിക്കാൻ പാടില്ല. കോട്ടയം അതിരൂപതയിലെ ഈ ആചാരം ഞങ്ങൾ Tolerate ചെയ്യുന്നു. (Tolerate ചെയ്യുക എന്നു പറഞ്ഞാൻ "തെറ്റായ കാര്യം തല്ക്കാലം സഹിക്കുന്നു" എന്നാണ്.) ഈ തെറ്റായ കാര്യം അനുവദിച്ചതു നിങ്ങളുടെ മുൻഗാമികളായ മെത്രാന്മാരാണ്.

## ക്നാനായ മിഷനുകളും സീറോ മലബാർ സഭയും

മുൾഹാൾ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇറക്കിയ ഉത്തരവിൽ പൗരസ്തതിരുസംഘം അസന്നിഗ്ധമായി പ്രഖ്യാപിച്ചു, ശുദ്ധരക്തവാദം കത്തോലിക്കാ സഭയിൽ

അനുവദിക്കുകയില്ല. ഈ ഉത്തരവ് ലഭിച്ച ഉടനെ മാർ ജോർജ് ആലഞ്ചേരിയുടെ നേതൃത്വത്തിൽ അതിനെതിരെ നീക്കങ്ങൾ ആരംഭിച്ചു. മാർ ജോർജ് ആലഞ്ചേരിയുടെ അനുഗ്രഹാശ്ശിസ്സുകളോടെ ഒരു മെമ്മോറാണ്ടം തയ്യാറാക്കി. മുന്നിൽനിന്നും നയിച്ചവർ മാർ മാത്യു മൂലക്കാട്ടും മാർ ജേക്കബ് അങ്ങാടിയത്തും ആയിരുന്നു. ഇവർക്കും ഇവരെ അനുഗമിച്ച അമേരിക്കയിൽനിന്നുള്ള കുറച്ചു ക്നാനായ തീവ്രവാദികൾക്കും പൗരസത്യ തിരുസംഘത്തിന്റെ തലവനുമായുള്ള കൂടിക്കാഴ്ച മാർ ജോർജ്ജ് ആലഞ്ചേരി തന്റെ വത്തിക്കാനിലെ പദവി ദുരുപയോഗം ചെയ്തുകൊണ്ട് കുറഞ്ഞ സമയത്തു നേടിയെടുത്തു. കത്തോലിക്കാ സഭയുടെ സാർവ്വത്രികത തകർക്കുന്ന കോട്ടയം രൂപതയുടെ സ്വവംശവിവാഹനിഷ്ട പുറത്താക്കൽ നടപടിയേയും അനുകൂലിച്ച് കോട്ടയം രൂപതയ്ക്കുവേണ്ടി നിവേദനം സമർപ്പിക്കുവാൻ മാർ ജേക്കബ് അങ്ങാടിയത്ത് അവരോടൊപ്പം ചേർന്നത് ശരിയാണോ? ഏതാനും ചില്ലിക്കാശിനുവേണ്ടി യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസു ചെയ്ത പ്രവൃത്തി പോലെയല്ലേ മാർ ജേക്കബ്ബ് അങ്ങാടിയാത്ത് ചെയ്തത്. മാർ ജോർജ് ആലഞ്ചേരിയുടെ എല്ലാ സമ്മർദ്ദങ്ങളേയും മറികടന്നു വത്തിക്കാൻ നിലപാടറിയിച്ചു. ശുദ്ധരക്തവാദം കത്തോലിക്കാ സഭ അംഗീകരിക്കുകയില്ല. കർദ്ദിനാൾ സാന്ദ്രി ഒരു ചെറിയ ഉപദേശം കൂടി കൊടുത്തു. "ആദ്യം ക്രിസ്ത്യാനി ആകാൻ പരിശ്രമിക്കൂ."

## എന്താണ് ക്നാനായ മിഷനുകൾ ?

ശുദ്ധരക്തവാദം അനുവദിക്കുകയില്ലെന്നറിഞ്ഞപ്പോൾ അത് കേരളത്തിനു പുറത്തു നടപ്പാക്കാൻ മാർ ജോർജ് ആലഞ്ചേരിയും മാർ മാത്യു മൂലക്കാട്ടും ഏതാനും ചില മെത്രാന്മാരും ചേർന്ന് നടപ്പാക്കാൻ ശ്രമിക്കുന്ന ഒരു പുതിയ അടവാണ് ക്നാനായ മിഷനുകൾ.

ഇതിനു മിഷനറി പ്രവർത്തനവുമായി യാതൊരു ബന്ധവുമില്ല. മറിച്ച് മിഷനറി പ്രവർത്തനത്തിന് നേരെ എതിരാണ്. ഇത് ക്നാനായ വർഗ്ഗീയത വളർത്തുവാനുള്ള ഒരു വാതിൽ മാർ മാത്യു മൂലക്കാടിനു തുറന്നു കൊടുക്കുവാനുള്ള ഒരു വളഞ്ഞ വഴി മാത്രമാണ് ഇതിന്റെ യഥാർത്ഥ പേര് "ക്നാനായ കമ്മ്യൂണലിസം" എന്നാണ്. മാർ മാത്യു മൂലക്കാടിനു മറ്റു രൂപതകളിൽ എന്തു കാര്യം. ഏത് കാനോനിക നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് നടപ്പാക്കാൻ ശ്രമിക്കുന്നത്. കോട്ടയം രൂപതയിലെ ക്നാനായ വൈദികർ എന്താണ് ക്നാനായ മിഷനുകളിൽ പോയി ചെയ്യുന്നത്. സമാധാനത്തിലും സൗഹൃദത്തിലും ജീവിക്കുന്ന ക്നാനായക്കാരെ രക്തശുദ്ധിയുടെ പേരിൽ തമ്മിൽ തല്ലിക്കുക. പുറത്തെ രൂപതാ മെത്രാന്മാരെ അവിടെ നിയമിച്ചിരിക്കുന്നത് അവരുടെ രൂപതയിലെ എല്ലാ കുഞ്ഞാടുകളേയും സ്വർഗ്ഗത്തിലേയ്ക്കു നയിക്കുവാനാണ്. അല്ലാതെ അതിൽ കുറച്ചെണ്ണത്തിനെ ചെന്നായ്ക്കു വിട്ടുകൊടുക്കുവാനല്ല. കോട്ടയം അതിരൂപതയിൽനിന്നും ഇവർ കുഞ്ഞാടുകളെ അടിച്ചോടിക്കുന്നു. ഇവർ രൂപതകളിൽ വന്ന് വർഗ്ഗീയവിഷം കുത്തി വയ്ക്കുന്നു. സഹോദരനെ സഹോദരനെതിരായി തിരിക്കുന്നു. എന്താണ് ഒരു സാധാരണ ക്നാനായ കത്തോലിക്കാ വൈദികൻ ക്നാനായ യുവജനങ്ങളെ ഉപദേശിക്കുന്നതെന്നു മനസ്സിലാക്കണമെങ്കിൽ അത്തരം ഒരു വൈദികന്റെ പ്രസംഗത്തിന്റെ വോയ്സ് ക്ലിപ് അയച്ചുതരാം.

പുറം രൂപതയിലെ മെത്രാന്മാർ മാർ ജോർജ് ആലഞ്ചേരിയേയും മാർ മാത്യു മൂലക്കാടിനേയും പ്രീതിപ്പെടുത്തുന്നതിനായിട്ടുമാത്രമാണ് സഭാവിരോധമായ ഈ പ്രവൃത്തി ചെയ്യുന്നത്. നിങ്ങൾക്ക് ഏതെങ്കിലും മെത്രാപ്പോലീത്തമാർക്ക് ഇങ്ങനെ മിഷനുകൾ തുടങ്ങാൻ അനുവദിക്കാമോ. ഈ പ്രവൃത്തി പള്ളിയ്ക്കകത്തു കുരിശു പള്ളി പണിയുന്നതുപോലെയാണ്.

ക്നാനായ എന്ന പദം വർഗ്ഗീയമാണ്. സഭ ഒരിക്കലും ഈ പദം അംഗീകരിച്ചിട്ടില്ല. ഒരു നൂറ്റാണ്ട് മുമ്പ് മാർ മാത്യു മാക്കിൽ ഈ പദം വർഗ്ഗീയമാണെന്നു പറഞ്ഞു വിട്ടുകളഞ്ഞ

താണ്. കത്തോലിക്കാ സഭയിലെവിടെയെങ്കിലും ഒരു വർഗ്ഗത്തിന്റെ പേരിൽ രൂപതയോ ഇട വകയോ ഉണ്ടായിട്ടുണ്ടോ ? ചിന്താശക്തിയുണ്ടെങ്കിൽ ചിന്തിക്കുക. ആരുടെ അനുവാദത്തോ ടുകൂടിയാണ് മാർ മാത്യു മൂലക്കാട്ട് കോട്ടയം അതിരൂപതയുടെ പേര് ക്നാനായ അതിരൂപത എന്നു മാറ്റി എഴുതിയത് ?

ഇത്തരുണത്തിൽ ഒരു കാര്യംകൂടി നിങ്ങളുടെ ശ്രദ്ധയിലേയ്ക്കു കൊണ്ടുവരാനാഗ്ര ഹിക്കുന്നു. മാർ മാത്യു മൂലക്കാടിന് മുഴുവൻ ക്നാനായ സമുദായത്തിനുമേൽ കുത്തവകാശ മൊന്നുമില്ല. ഒരു വിഭാഗം ക്നാനായക്കാർ മാത്രമേ അദ്ദേഹത്തിന്റെ കീഴിലുള്ളൂ. ക്നാനായ കത്തോലിക്കരും അല്ലാത്തവരും തമ്മിൽ ഒരു ഔദ്യോഗിക ബന്ധവുമില്ല. കൂനംകുരിശ് സത്യ ത്തിനുശേഷം ക്നാനായക്കാർ യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ, സി. എസ്. ഐ., പെന്തക്കോസ്ത് എന്നിങ്ങനെ വിവിധങ്ങളായ സഭകളിൽ അംഗങ്ങളാണ്. ഇവരുമായി ക്നാനായ കത്തോലിക്കർക്ക് യാതൊരു ബന്ധവുമില്ല.

1929–ൽ മാർ ഇവാനിയോസിന്റെ നേതൃത്വത്തിൽ മലങ്കര സഭയിൽനിന്നും കത്തോ ലിക്കാ സഭയിൽ സീറോ മലങ്കര റീത്തായി ലയിച്ചപ്പോൾ വളരെയധികം ക്നാനായക്കാരും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. അവരെ കോട്ടയം രൂപതയിൽ ചേർക്കാൻ അന്നത്തെ മെത്രാൻ പലപ്രാവശ്യം ശ്രമിച്ചു. മാർപ്പാപ്പ ആ കാര്യം അനുവദിച്ചില്ല. അവരാരും വംശശുദ്ധി പരിപാ ലിക്കുന്ന കോട്ടയം രൂപതയിൽ ചേരണമെന്ന് നാളിതുവരെ ആവശ്യപ്പെട്ടിട്ടില്ല. അവരുടെ വംശശുദ്ധി അവർ ഒരു സഭാസംവിധാനങ്ങളുടേയും പിൻബലമില്ലാതെ നടത്തിക്കൊണ്ടു പോകുന്നു. അവരുടെ സമുദായ സ്നേഹത്തിനു ഒരു കുറവും വന്നിട്ടില്ല. ലോകം മുഴുവൻ സമുദായം സംരക്ഷിക്കുന്നത് ഇങ്ങനെയാണ്. അല്ലാതെ മതമുപയോഗിച്ചല്ല. നിങ്ങൾ സീറോ മലങ്കര സഭാപിതാവിനേയും അവിടുത്തെ മെത്രാന്മാരേയും കണ്ടു പഠിക്കുക. അപ്പോൾ നിങ്ങൾ പറയുമായിരിക്കും സീറോ മലബാർ റീത്തിൽ മാർപ്പാപ്പ ക്നാനായക്കാർക്ക് പ്രത്യേക രൂപത അനുവദിച്ചില്ലേയെന്ന്. മാർപ്പാപ്പയുടെ 1911 ലെ ബൂളാ വായിച്ചാൽ സ്ഥിരബുദ്ധിയുള്ള ആർക്കും അങ്ങനെ പറയാൻ സാധിക്കുകയില്ല. അതനുസരിച്ച് രക്തശുദ്ധിവാദം നടപ്പാക്കാമെന്നും തെക്കുംഭാഗൻ വടക്കുംഭാഗത്തിയെ കല്ല്യാണം കഴിച്ചാൽ വടക്കുംഭാഗനാകുമെന്നും. രൂപത നേടിയെടുത്ത മാർ മാത്യു മാക്കിലിനുപോലും അങ്ങനെയൊരു അവകാശവാദമുണ്ടായി രുന്നില്ല.

അതുകൊണ്ട് കോട്ടയം അതിരൂപതയിലെ മെത്രാന്മാരേയോ വൈദികരേയോ വിളി ച്ചുവരുത്തി നിങ്ങളുടെ രൂപതകളിൽ വർഗ്ഗീയവിഷം പടർത്താൻ അനുവദിച്ചാൽ സഭയുടെ നിയമമനുസരിച്ച് തെറ്റാണ് നിങ്ങൾ ചെയ്യുന്നത്. ഭാവിയിൽ നിങ്ങൾക്കെതിരെ അതൊരു തീരാ ക്കളങ്കമായി രേഖപ്പെടുത്തപ്പെടും.

## കോട്ടയം രൂപതയിൽ മാർ മാത്യു മൂലക്കാട്ടിന്റെ ഇന്നത്തെ അവസ്ഥ

മാർ മാത്യു മൂലക്കാടിന്റെ ഇന്നത്തെ അവസ്ഥ ദയനീയമാണ്. അദ്ദേഹം ക്നാനായ വംശീയവാദം എന്ന പുലിയെ ആഹാരം കൊടുത്തു വളർത്തി അതിന്റെ പുറത്തിരുന്നു സഞ്ച രിക്കുന്നു. ഇപ്പോൾ പുലി അദ്ദേഹത്തെ ആക്രമിക്കുന്നു. കോട്ടയം അതിരൂപതയിലെ എല്ലാ പള്ളികളിലും ചെന്ന് അദ്ദേഹവും മുൻഗാമിയും വർഗ്ഗീയവിഷം കുത്തിവയ്ക്കുന്നു. ക്നാനാ യക്കാർക്ക് വംശശുദ്ധിവാദം കത്തോലിക്കാ സഭ അനുവദിച്ചെന്ന പച്ചക്കള്ളം പറഞ്ഞു നട ക്കുന്നു. മാർ മാത്യു മൂലക്കാടിന്റെ കണ്ടുപിടുത്തം കോട്ടയം രൂപതയിൽ അംഗമാകണമെ ങ്കിൽ “ജന്മംകൊണ്ടും കർമ്മംകൊണ്ടും ക്നാനായക്കാരനായിരിക്കണം” എന്നാണ്. ഏത് കാനോൻ നിയമത്തിന്റെ പിൻബലത്തിലാണ് ഇങ്ങനെയൊക്കെയുള്ള സിദ്ധാന്തം പറഞ്ഞു

നടക്കുന്നത്. ഇതു സ്വാഭാവിക നീതിയുടെപോലും ലംഘനമാണ്. "കോട്ടയം രൂപതയും മെത്രാനും ക്നാനായ സമുദായത്തിന്റെ മാത്രമാണ്." ഇതാണ് മാർ മാത്യു മൂലക്കാട്ടിന്റെ മുദ്രാവാക്യം. ജന്മംകൊണ്ട് ക്നാനായക്കാരെന്ന് അവകാശപ്പെടുന്നവർ എന്തിന് മാമ്മോദീസാ സ്വീകരിച്ചു. ഒരു ബനഡിക്കൻ സന്യാസ പുരോഹിതന്റെ പതനത്തിന്റെ ദയനീയമായ കാഴ്ച!!!

കോട്ടയം രൂപതയിൽ അടുത്തകാലത്തായി മെത്രാപ്പോലീത്തായുടെ അനുവാദമില്ലാതെ ഏതാനും ക്നാനയ തീവ്രവാദികൾ ചേർന്ന് K.S.S.S. എന്ന സംഘടന ഉണ്ടാക്കി. ഇവർ ഇതിനുമുമ്പ് ഒരു സമ്മേളനത്തിൽ വച്ച് അദ്ദേഹത്തെ കയ്യേറ്റം വരെ ചെയ്തു. അവർക്ക് അനിഷ്ടകരമായ ഏതെങ്കിലും ഒരു തീരുമാനം മെത്രാപ്പോലിത്ത എടുക്കുകയാണെങ്കിൽ അവർ മെത്രാസന മന്ദിരം വളയുകയും തീരുമാനം ഭീഷണികൊണ്ട് പിൻവലിപ്പിക്കാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്യും. ചില ഉദാഹരണങ്ങൾ നൽകാം.

1) മെത്രാസന മന്ദിരത്തിന്റേയും കത്തീഡ്രലിന്റേയും മുമ്പിൽ സ്ഥാപിച്ചിരിക്കുന്ന "കത്തോലിക്കാ അതിരൂപത" എന്ന ബോർഡ് തല്ലിത്തകർത്തു. മെത്രാപ്പോലിത്തയോട് ക്നാനായ അതിരൂപത എന്നായി മാറ്റി എഴുതണം എന്ന് നിർബന്ധിച്ചു. അദ്ദേഹം അതനുസരിച്ച് "ക്നാനായ അതിരൂപത" എന്ന് പേരുമാറ്റി. ഇതു സഭാനിയമങ്ങൾക്ക് വിരുദ്ധമാണ്.

2) കോട്ടയം അതിരൂപതയിലെ പേരൂർ ഇടവകയിലെ താമസക്കാരനായിരുന്ന ഒരംഗം അമേരിക്കിയലേയ്ക്കു കുടിയേറി അവിടുത്തെ പൗരനായി. അയാളുടെ വിവാഹം അന്നത്തെ ഇടവകയായ പേരൂർ പള്ളിയിലായിരുന്നു നടത്തിയിരുന്നത്. അമേരിക്കയിൽ താമസത്തിനിടെ അദ്ദേഹത്തിന് ഒരു കുഞ്ഞ് ജനിച്ചു. കുഞ്ഞിന്റെ മാമ്മോദീസ പേരൂർ പള്ളിയിൽ വച്ച് നടത്താൻ വികാരിയച്ചനെ സമീപിച്ചു. വികാരിയച്ചൻ അമേരിക്കയിലെ സീറോ മലബാർ പള്ളിയിലെ അച്ചന്റെ കത്ത് ചോദിച്ചു. കൊണ്ടുവന്നിട്ടില്ല കത്തില്ലാതെ നടത്തിത്തരണമെന്ന് വാശിപിടിച്ചു. വികാരി പ്രശ്നമൊഴിവാക്കാൻ അദ്ദേഹം തന്നെ മുൻകൈ എടുത്തു കത്ത് ലഭ്യമാക്കാമെന്ന് ഉറപ്പുനൽകിയിട്ടും അദ്ദേഹവും അദ്ദേഹത്തിനുവേണ്ടി രംഗത്തുവന്ന K.S.S.S. പ്രവർത്തകരും സമ്മതിച്ചില്ല. അവർ പ്രക്ഷോഭം നടത്തി. അവസാനം നിവൃത്തിയില്ലാതെ ഒരു കത്തും ഇല്ലാതെ മാമ്മോദീസ നടത്തിക്കൊടുക്കാൻ മെത്രാപ്പോലിത്ത സമ്മതിക്കേണ്ടി വന്നു.

3) അടുത്ത കാലത്ത് കോട്ടയം അതിരൂപതയുടെ പുരാതന പള്ളിയായ കടുത്തുരുത്തി വലിയ പള്ളിക്ക് ആർച്ച് എപ്പിസ്കോപ്പൽ ചർച്ച് എന്ന പദവി വത്തിക്കാൻ അനുവദിച്ചു. എല്ലാവർക്കും സന്തോഷം പകരുന്ന ഒരു തീരുമാനം. എന്നാൽ K.S.S.S. പ്രവർത്തകർ പ്രക്ഷോഭം തുടങ്ങി. അവരുടെ ആവശ്യം കോട്ടയം അതിരൂപത ഈ പദവി നിരസിക്കണമെന്നായിരുന്നു. ഭാഗ്യവശാൽ മെത്രാപ്പോലീത്ത ഈ ഭീഷണിക്ക് വഴങ്ങിയില്ല. അവർ കോടതി കയറി. കേസ് നടന്നുകൊണ്ടിരിക്കുന്നു.

4) സീറോ മലബാർ സഭയുടെ മലബാർ ഭാഗത്തെ മെത്രാന്മാർ ചേർന്ന് യുവജനങ്ങൾക്ക് വിവാഹ ഒരുക്കം സംബന്ധിച്ച് ഒരു സെമിനാർ നടത്തി. മാർ ജോസഫ് പണ്ടാരശ്ശേരിയും അതിൽ സംബന്ധിച്ചു. അതറിഞ്ഞു K.S.S.S. പ്രവർത്തകർ അദ്ദേഹത്തെ തടഞ്ഞുവച്ചു. അദ്ദേഹം ആ സെമിനാറിൽ പങ്കെടുത്തത് ക്നാനായ സമുദായത്തിനു ഭീഷണിയാണെന്നും അതുകൊണ്ട് മാപ്പു പറയണമെന്നുമായിരുന്നു അവരുടെ ആവശ്യം. നിവൃത്തിയില്ലാതെ ഒരു തെറ്റും ചെയ്യാത്ത മാർ ജോസഫ് പണ്ടാരശ്ശേരി മാപ്പു പറഞ്ഞു പ്രശ്നം തീർത്തെന്നാണ് ഞങ്ങൾക്ക് കിട്ടുന്ന അറിവ്.

5) മറ്റ് രൂപതകളിൽനിന്നും വിവാഹം കഴിക്കുന്നതിനു കോട്ടയം രൂപതയിൽനിന്നും പുറത്താക്കിയാലും അംഗങ്ങളായിരുന്നവർക്കുവേണ്ടി കുടുംബാംഗങ്ങൾ അപേക്ഷ കൊടു

ത്താൽ ചില കേസുകളിൽ മെത്രാപ്പോലിത്ത ശവസംസ്കാരം കുടുംബക്കല്ലറകളിൽ നടത്തുന്നതിന് അനുവാദം കൊടുക്കാറുണ്ടായിരുന്നു. ഇപ്പോൾ K.S.S.S. കാരെ പേടിച്ചു അങ്ങനത്തെ അനുവാദം കൊടുക്കുന്നില്ല.

മെത്രാപ്പോലിത്ത ക്നാനായ സമുദായത്തിനെതിരാണെന്ന് ഇവർ കുപ്രചാരണം നടത്തുന്നു. ഈ നുണപ്രചാരണം അദ്ദേഹത്തെ കൂടുതൽ സമ്മർദ്ദത്തിലാക്കുന്നു. അദ്ദേഹം കൂടുതൽ തീവ്രവർഗ്ഗീയ നിലപാടുകളുമായി മുന്നോട്ടുപോകുന്നു.

## എന്താണ് പ്രശ്നപരിഹാരം

സീറോ മലബാർ സഭാ പിതാക്കന്മാരുടെ ഭയം എന്തെങ്കിലും നടപടിയെടുത്താൽ കോട്ടയം അതിരൂപതാംഗങ്ങൾ കത്തോലിക്കാ സഭ വിട്ടുപോകുമോ എന്നാണ്. ഈ ഭയത്തിന് അടിസ്ഥാനമില്ല. അതിന്റെ കാരണങ്ങൾ ഇവയാണ്.

1) ഞങ്ങളുടെ പൂർവ്വപിതാക്കന്മാർ കത്തോലിക്കാ സഭയിൽ ഉറച്ചു നിന്നവരാണ്. കഴിഞ്ഞ നൂറു വർഷങ്ങളായി ക്നാനായക്കാർ കത്തോലിക്കാസഭയിൽ ലയിച്ചത് ഒരു വ്യവസ്ഥകളുമില്ലാതെയാണ്. അവർ കൂനംകുരിശ് സത്യത്തിൽ പങ്കെടുക്കാത്തവരാണ്. എൻഡോഗമി സഭയിൽ വേണമെന്ന് അവർ ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല. അതുകൊണ്ടു കത്തോലിക്കാസഭയോടുള്ള കൂറ് അവിതർക്കിതമാണ്.

2) മിക്ക വീടുകളിലും മറ്റു രൂപതകളിൽനിന്നും കല്ല്യാണം കഴിച്ച മക്കളോ മറ്റ് ബന്ധുക്കളോ ഉണ്ട്. അവരാരും കത്തോലിക്കാ വിശ്വാസം കൈവെടിയുകയില്ല.

3) കോട്ടയം രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ രണ്ടിരട്ടി എങ്കിലും ക്നാനായ കത്തോലിക്കാ വൈദികർ മറ്റ് രൂപതകളിൽ സേവനം അനുഷ്ഠിക്കുന്നു. അതുപോലെതന്നെ സന്യസ്ഥരും അവരുടെ വീട്ടുകാരും സഭയിൽ ഉറച്ചു നിൽക്കും.

4) മാർ മാത്യു മൂലക്കാട്ടും മാർ ജോസഫ് പണ്ടാരശ്ശേരിയും കത്തോലിക്കാ മെത്രാന്മാരാണ്. സഭ അവരെ തിരഞ്ഞെടുത്തത് സഭയുടെ മെത്രാന്മാരായിട്ടാണ്. അല്ലാതെ ക്നാനായ സമുദായത്തിന്റെ തലവന്മാരായിട്ടല്ല. അവർ സഭയിൽ ഉറച്ചുനിൽക്കും. അവരോടൊപ്പം ബഹുഭൂരിപക്ഷം വൈദികരും ജനങ്ങളും. വിരലിലെണ്ണാവുന്ന കുറച്ചുപേർ ശബ്ദമുയർത്തിയേക്കാം. അവരെ സംബന്ധിച്ചടുത്തോളം "ക്നായിത്തോമായേ വിട്ടുതരുക, യേശുവിനെ ക്രൂശിക്കുക." എന്ന് പറയുന്നവരാണ്. (വി. ലൂക്കാ 8: 30–33). ഒരു ഇടയലേഖനം പുറപ്പെടുവിക്കുമ്പോൾ തീരാവുന്ന പ്രശ്നമേയുള്ളൂ.

ക്നാനായ യാക്കോബായ സഭയാണെങ്കിൽ എൻഡോഗമി വിഷയത്തിൽ അതിരൂക്ഷമായ പ്രശ്നത്തിൽ കൂടി കടന്നുപോവുകയാണ്. സഭാപിതാവും എല്ലാ മെത്രാന്മാരും ഇതിനെതിരായും ആർച്ച് ബിഷപ്പ് അനുകൂലമായും നിലകൊള്ളുന്നു. അവർ പോലും ഒരു കാലത്തും കോട്ടയം അതിരൂപതയെടുക്കുന്ന തീവ്രനിലപാടുകൾ ഈ വിഷയത്തിലെടുക്കുന്നില്ല.

എല്ലാത്തിനും ഉപരിയായി മനസ്സിലാക്കേണ്ടത് സഭാനിയമങ്ങളും യേശുവിന്റെ പഠിപ്പിക്കലുകളും നടപ്പാക്കേണ്ടത് ആര് എതിർക്കും എന്നു നോക്കിയിട്ടല്ല. സൂര്യനമസ്തമിക്കാത്ത ബ്രിട്ടീഷ് രാജ്യത്തിന്റെ രാജാവിനെ താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരമായ ഒരാവശ്യത്തെ സഭയുടെ വിശുദ്ധിയെ പ്രതി നിഷ്ക്കരുണം നിരസിച്ച പാരമ്പര്യമാണ് സഭയ്ക്കുള്ളത്. ഈ സഭ രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ടതാണ്. ഇത്ര നിസ്സാരമായ

ഒരു കാര്യംപോലും ചെയ്യാൻ ആത്മധൈര്യമില്ലാത്തവരാണോ ഞങ്ങളുടെ പിതാക്കന്മാർ.

യേശു വന്നത് സത്യത്തിനു സാക്ഷ്യം വഹിക്കുവാനാണ്. അതേ സത്യത്തിനു സാക്ഷ്യം നൽകാനാണ് നിങ്ങളിഭേഷം ചെയ്തിരിക്കുന്നത്. സത്യത്തിനു മുമ്പിൽ മുഖം തിരിച്ചു ഒട്ടക പക്ഷിയുടെ നിലപാടു സ്വീകരിക്കരുതേ എന്നാണ് ഞങ്ങൾക്ക് പിതാക്കന്മാരായ നിങ്ങളോട് അപേക്ഷിക്കാനുള്ളത്.

ഏതാനുംപേരുടെ അനാവശ്യ ശാഠ്യത്തിനു വഴങ്ങി സഭയെ പൊതുസമൂഹത്തിന് മുമ്പിൽ അവഹേളിതമാക്കുന്ന ഈ പ്രാകൃതപ്രവർത്തികൾ അവസാനിപ്പിച്ചേ മതിയാവൂ. ഇന്ന് ലോകമെല്ലാം വർണ്ണ വർഗ്ഗ വെറിക്കെതിരെ ഒന്നിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. കത്തോലിക്കാ സഭ വർഗ്ഗ വർണ്ണ വെറിയെ പ്രോത്സാഹിപ്പിക്കുകയില്ല. അത് പാപമാണ്.

പിതാക്കന്മാരേ നിങ്ങൾ ഞങ്ങളെ പഠിപ്പിച്ച ഒരു വേദപാഠം നിങ്ങളെ അനുസ്മരിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങൾക്കറിയാം കോട്ടയം അതിരൂപത അനുവദിക്കുന്ന എൻഡോഗമിയും പുറത്താക്കലും എല്ലാം പാപമാണെന്ന്. ഇത് തുടരാൻ അനുവദിക്കുന്നതിലൂടെ നിങ്ങളും പാപത്തിൽ തുടരുന്നു. പാപമാണെന്നറിഞ്ഞിട്ടും അതിൽ തുടരുന്നതു പരിശുദ്ധാത്മാവിനെതിരായ പാപമാണ് അതു പൊറുക്കപ്പെടുകയില്ലെന്നാണ് നിങ്ങൾ പഠിപ്പിക്കുന്നത്. ഈ വൈകിയ വേളയിലെങ്കിലും സഭാപിതാവ് മാർ ജോർജ് ആലഞ്ചേരി ഈ പാപക്കുളത്തിൽ കുളിച്ചു നശിക്കാതെ അദ്ദേഹത്തിന്റെ നിലപാടുകൾ തിരുത്തി സഭയെ വിശുദ്ധിയിൽ തിരികെ കൊണ്ടുവരുന്ന ഒരു സഭയുടെ രാജകുമാരനായി പ്രവർത്തിക്കുമെന്ന് പ്രത്യാശിക്കുന്നു.

## ഞങ്ങളുടെ അഭ്യർത്ഥന

കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി ഞങ്ങൾ ഈ പ്രശ്നം സീറോ മലബാർ സഭാ പിതാക്കന്മാരുടെ മുന്നിൽ അവതരിപ്പിക്കുന്നു. ഒരു ചർച്ചയ്ക്കുപോലും ഞങ്ങളെ ഇതുവരെ വിളിച്ചിട്ടില്ല. ഞങ്ങൾക്കു കിട്ടിയിരിക്കുന്ന നിയമോപദേശം ഇങ്ങനെയാണ്. ഏതൊരു സംഘടനകളും പ്രസ്ഥാനവും പ്രവർത്തിക്കുന്നത് അതിന്റെ നിയമസംഹിതകളുടേയും രാജ്യത്തെ ഭരണഘടനയുടേയും അടിസ്ഥാനത്തിലായിരിക്കണം. ഇതു സീറോ മലബാർ സഭയ്ക്കും ബാധകമാണ്. സീറോ മലബാർ സഭ സ്ഥാപിച്ചിരിക്കുന്നത് വേദപുസ്തകത്തിന്റേയും കാനോനിക നിയമങ്ങളുടേയും അടിസ്ഥാനത്തിലാണ്. അതുപോലെ ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥമാണ്. രക്തശുദ്ധിയുടെ പേരിൽ അംഗങ്ങളെ രൂപതയിൽനിന്നും പുറത്താക്കുന്നത് മുകളിൽപറഞ്ഞ എല്ലാ നിയമങ്ങൾക്കും തത്വസംഹിതകൾക്കും എതിരാണ്. അങ്ങനെ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനത്തിനു സഭയിലും രാജ്യത്തും നിലനിൽക്കാൻ അവകാശമില്ല. ദുരഭിമാനകൊലയെ എതിർക്കുന്നവർ ദുരഭിമാന ഊരുവിലക്കിനേയും എതിർക്കണം. ഊരുവിലക്കിന് വിധേയരാക്കപ്പെട്ടവർ ജീവിതകാലം മുഴുവൻ സഹിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പൂർവ്വികരായ മാർത്തോമാ ക്രിസ്ത്യാനികൾ 2000 വർഷമായി കാത്തുസൂക്ഷിക്കുന്ന സഭാവിശ്വാസവും പാരമ്പര്യങ്ങളും കഴിഞ്ഞ അരനൂറ്റാണ്ടിലെ സഭാപിതാക്കന്മാരുടെ കഴിവില്ലായ്മകളും ഭീരുത്വവുംകൊണ്ട് നഷ്ടപ്പെട്ടാൽ വരുംതലമുറ നിങ്ങളോട് പൊറുക്കുകയില്ല. അതുകൊണ്ട് പ്രശ്നപരിഹാരത്തിനു നിങ്ങൾ തയ്യാറായില്ലെങ്കിൽ ഞങ്ങളുടെ

മുന്നിലുള്ള ഏക പരിഹാരമാർഗ്ഗം കോടതിയിൽ അഭയം പ്രാപിക്കുക എന്നതു മാത്രമാണ്.

ഇനിയെങ്കിലും പുറത്താക്കപ്പെട്ട ഞങ്ങളുടേയും പുറത്താക്കൽ ഭയന്നു വിവാഹം വേണ്ടെന്നു വച്ചു കഴിയുന്ന നൂറുകണക്കിനു കോട്ടയം അതിരൂപതാംഗങ്ങളുടേയും ദത്തെടുക്കുന്ന മക്കളെ സ്വന്തം ഇടവകയിൽ ചേർക്കാൻ സാധിക്കാതെ വിഷമിക്കുന്ന മാതാപിതാക്കളുടേയും കണ്ണുനീർ കണ്ട് സഭാപിതാക്കന്മാരേ നിങ്ങൾ സഭാ സിനഡ് വിളിച്ചുചേർത്ത് കോട്ടയം അതിപൂപതയിൽ എൻഡോഗമി തുടരാൻ അനുവദിക്കുകയില്ലെന്നു പ്രഖ്യാപിക്കണം.

സീറോ മലബാർ സഭയിലെ എല്ലാ മെത്രാന്മാരുടേയും വ്യക്തിജീവിതത്തിലെ വിശുദ്ധിയെ ഞങ്ങൾ അഭിനന്ദിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു. ഈ കത്തിൽ കാർക്കശ്യമായ ഭാഷ ഞങ്ങൾ ഉപയോഗിച്ചത് അങ്ങേയറ്റം മനോവിഷമത്തോടുകൂടിയാണ്. അതുകൊണ്ട് പിതാക്കന്മാരേ നിങ്ങളാരും ഈ കത്തിലെ പരാമർശങ്ങളെ വ്യക്തിപരമായി കാണരുതെന്ന് അപേക്ഷിക്കുന്നു.

സ്നേഹാദരങ്ങളോടെ,

ക്നാനായ കത്തോലിക്കാ നവീകണന സമിതിക്കുവേണ്ടി,

സെക്രട്ടറി
ലൂക്കോസ് മാത്യു കെ.
കുന്നുംപുറത്ത്
കുറിച്ചിത്താനം പി. ഒ., കോട്ടയം

പ്രസിഡന്റ്
റ്റി. ഒ. ജോസഫ്
തോട്ടുങ്കൽ
കണ്ണങ്കര പി. ഒ., ചേർത്തല
കേരള - 688 527
ഫോൺ: 9447056146

To : All Syro Malabar Bishops

Copy to : KCBC

English Translated copy to :

1) Papel Nuncio - with a request to place the petition before the Holy See
2) Prefect - His Emmince Leonardo Sandri Congregation for the Oriental Church
3) Prefect - Congregation for the Doctrine of faith
4) CBCI